താമസകെട്ടിടം	-	825
വാണിജ്യ സ്ഥാപനങ്ങൾ	-	941
മതസ്ഥാപനങ്ങൾ	-	41
ആകെ	-	1807

ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം നടത്തുവാൻ സാധിച്ചിട്ടില്ല.

ബൈപാസ് റോഡുകളുടെ നിർമ്മാണം

275 (7247) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത കടന്നുപോകുന്ന പട്ടണങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈവരിച്ച നേട്ടം വിശദമാക്കുമോ ;

(ബി) എത്ര ബൈപാസ്സുകളുടെ പണികളാണ് ഇപ്പോൾ പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീറ്ററിന്റെ നാലുവരിപ്പാതയായുള്ള നവീകരണം ദേശീയ പാതാ വികസന അതോറിറ്റി 'സ്റ്റാൻഡ് എലോൺ' പ്രോജക്ടായി ഏറ്റെടുത്ത് ചെയ്യുവാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള 16.50 കി.മീ. ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടിയും പുരോഗമിച്ചുവരുന്നുണ്ട്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ 50 ശതമാനം കേന്ദ്ര സഹായത്തോടുകൂടി ഇ.പി.സി. വ്യവസ്ഥയിൽ പ്രവൃത്തി നടത്തുവാനുള്ള റീ-ടെണ്ടർ ചെയ്തുകഴിഞ്ഞു. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവണമെന്റ് അംഗീകരിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റും പ്രവൃത്തികളുടെ എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണത്തിന് 145.5 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി മാഹി പ്രദേശംഒഴികെ ഇപ്പോൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കാനായി നാറ്റ്പാക്കിനെ ഏൽപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നതേയുള്ളൂ.

(സി) ഉണ്ട്. കേരള സർക്കാരിന്റെ SPEED പദ്ധതിയിൽ ഉൾപ്പെടുന്ന തലശ്ശേരി-മാഹി ബൈപ്പാസ്, തൃപ്പൂണിത്തുറ ബൈപ്പാസ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ-പാലക്കാട് ഹൈവേ വികസനം

277 (7248) ശ്രീ. എം. പപ്പ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു മരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും നേതൃത്വത്തിൽ സംയോജിത (കണ്വർജൻസ്) ഓഫീസുകൾ തുറക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) കേരളത്തിലെ ജനസാന്ദ്രതയും, സ്ഥലലഭ്യതയുടെ കുറവും പരിഗണിച്ച് ഐ.ആർ.സി. നോംസിൽ മൂഗർഭപാതകളും, ഫ്ലൈഓവറുകളും നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) തൃശ്ശൂർ-പാലക്കാട് ഹൈവേ വികസനത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചോ ; വിശദാംശം നൽകാമോ ;

(ഡി) തൃശ്ശൂർ-പാലക്കാട് ഹൈവേ നിർമ്മാണ പ്രവൃത്തികളിലെ പുരോഗതി സംബന്ധിച്ച് അടിയന്തര അവലോകനത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സ്ഥലലഭ്യത പരിമിതമായ പ്രദേശങ്ങളിൽ മൂഗർഭപാതകളും എലിവേറ്റഡ് ഹൈവേകളും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ ഹൈവേ വികസനത്തിൽ അണ്ടർപാസ്സുകളും ഫ്ലൈ ഓവറുകളും ഇന്ത്യൻ റോഡ് കോൺഗ്രസ് വ്യവസ്ഥകൾ പ്രകാരമാണ് നിർമ്മിച്ചുവരുന്നത്.

(സി) പ്രസ്തുത റോഡ് വികസനത്തിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്.

(ഡി) ആവശ്യമായ ഘട്ടങ്ങളിൽ അവലോകനം നടത്തിവരുന്നുണ്ട്.